സിഐടിയു സംസ്ഥാന കമ്മിറ്റി
2017 ജൂൺ 24

# രാഷ്ട്രീയ റിപ്പോർട്ട്

## ഇടതുപക്ഷം കരുത്താർജ്ജിക്കുന്നു.

ലോകത്ത് പലയിടങ്ങളിലായി വലതുപക്ഷ രാഷ്ട്രീയത്തിന് അല്പം മുൻതൂക്കം വരുന്നോ എന്ന തോന്നലുണ്ടാക്കുന്ന വിധത്തിലായിരുന്നു രാഷ്ട്രീയ ചലനങ്ങൾ. യൂറോപ്പിലാകെ കുടിയേറ്റക്കാർക്കും മുസ്ലീമുകൾക്കുമെതിരെ കടുത്ത വലതുപക്ഷ ശക്തികളുടെ പ്രചരണവും നിലപാടുകളും ശക്തമായിരുന്നു. ഇന്ത്യയിൽ ബി.ജെ.പി. യുടെയും അമേരിക്കയിൽ ട്രമ്പിന്റെയും വിജയം വലതുപക്ഷത്തേക്കുള്ള പ്രവണതകളുടെ വിജയമായി കണക്കാക്കിയിരുന്നു. ലാറ്റിനമേരിക്കയിൽ ഇടതുപക്ഷ മുന്നേറ്റത്തെ തടഞ്ഞുനിർത്തി വലതുപക്ഷം പലേടത്തും മുന്നേറി. ബ്രസീലിൽ ഇടതുപക്ഷ പ്രസിഡന്റിനെ പുറത്താക്കി. വെനിസ്വലയിൽ പാർലമെന്റ് തിരെഞ്ഞെടുപ്പിൽ ഭൂരിപക്ഷം സീറ്റുകൾ നേടി. ഇടതുപക്ഷക്കാരനായ മഡ്യൂറോ സർക്കാരിനെതിരെ അക്രമാസക്തമായ പ്രക്ഷോഭമാണ് വലതുപക്ഷം നടത്തിവരുന്നത്.

എന്നാൽ താൽകാലികമായ വലതുപക്ഷ മുന്നേറ്റങ്ങൾക്ക് ശേഷം ഇടതുപക്ഷം കരുത്താർജ്ജിക്കുന്നു എന്നതിന്റെ സൂചനയാണ് യൂറേപ്പിൽ നിന്നും പുറത്ത് വരുന്നത്. നെതർലാന്റിലും, ഫ്രാൻസിലും തീവ്രവലതുപക്ഷത്തിന് തിരിച്ചടിയേറ്റു. ഏറ്റവും ഒടുവിൽ ബ്രിട്ടനിൽ ലേബർപാർട്ടിയുടെ മുന്നേറ്റം ഇടതുപക്ഷ ചിന്താഗതിക്കാരെ ആവേശം കൊള്ളിക്കുന്നതാണ്.

കാലാവധി തീരുന്നതിന് മൂന്ന് വർഷം മുമ്പ് പാർലമെന്റിലേക്ക് തിരെഞ്ഞെടുപ്പ് പ്രഖ്യപിച്ച കൺസർവേറ്റീവ് നേതാവും, പ്രധാനമന്ത്രിയുമായ തെരേസ മേയുടെ ലക്ഷ്യം കൂടുതൽ സീറ്റുകൾ നേടി കരുത്ത് വർദ്ധിപ്പിക്കുക എന്നതായിരുന്നു. ബ്രക്സിറ്റിന് ശേഷം യൂറോപ്യൻ രാജ്യങ്ങളുമായി വ്യവസായ – വാണിജ്യ ബന്ധങ്ങൾ ഉണ്ടാക്കുന്ന ചർച്ചകളിൽ വിലപേശൽ ശക്തികൂട്ടാൻ തെരഞ്ഞെടുപ്പിലെ വിജയം കരുത്ത് പകരുമെന്ന് തെരേസ മേ കണക്ക് കൂട്ടിയിരുന്നു. ഫലം പുറത്ത് വന്നപ്പോൾ എല്ലാ പ്രവചനങ്ങളും തെറ്റിച്ചുകൊണ്ട് കൺസർവേറ്റീവ് പാർടിക്ക് പാർലമെന്റിൽ ഭൂരിപക്ഷമില്ലാത്ത സ്ഥിതിയിലാണെത്തിയത്. സർക്കാർ രൂപീകരിക്കാൻ മറ്റ് കക്ഷികളുടെ പിന്തുണ തേടേണ്ടി വന്നു. ലേബർ പാർടിയാവട്ടെ വമ്പിച്ച മുന്നേറ്റം നടത്തി എല്ലാവരെയും അത്ഭുതപ്പെടുത്തി.

ഭരണ കക്ഷിയായിരുന്ന കൺസർവേറ്റീവ് പാർട്ടിക്ക് ഭൂരിപക്ഷത്തിന് 10 സീറ്റുകൾ കുറച്ചേ ലഭിച്ചുള്ളൂ. എന്നാൽ ലേബർ പാർട്ടിക്ക് 30 സീറ്റുകളും, 10 ശതമാനം വോട്ടും കൂടുതൽ ലഭിച്ചു. കൺസർവേറ്റീവ് പാർടിക്ക് 42.25 ശതമാനം വോട്ടും ലേബർ പാർടിക്ക് 40 ശതമാനം വോട്ടുമാണ് ലഭിച്ചത്. 1997 ഒഴിച്ചു നിർത്തിയാൽ ലേബർപാർടിക്ക് ഏറ്റവും കൂടുതൽ വോട്ട് ലഭിച്ചത് ഈ തെരഞ്ഞെടുപ്പിലാണ്.

ലേബർപാർടി സെക്രട്ടറി ജെർമി കോർബിന്റെ നേതൃത്വവും, നിലപാടുകളുമാണ് പാർടിയുടെ മിന്നുന്ന പ്രകടനത്തിന് കാരണം. ഇടതുപക്ഷ നിലപാടുകളാണ് കോർബിൻ സ്വീകരിച്ചത്. നവ ഉദാരവൽകരണ നയങ്ങളെയും ചെലവ് ചുരുക്കൽ നടപടികളെയും അദ്ദേഹം നിശിതമായി വിമർശിച്ചു. അമേരിക്കൻ സാമ്രാജ്യത്വ നേതൃത്വത്തിൽ നടന്ന അധിനിവേശ യുദ്ധങ്ങളിൽ ബ്രിട്ടൻ പങ്കെടുത്തതിനെ കോർബിൻ രൂക്ഷമായി വിമർശിച്ചതും ജനങ്ങൾക്ക് സ്വീകാര്യമായി. അടുത്ത കാലത്ത് ലണ്ടനിൽ നടന്ന തീവ്രവാദ ആക്രമണങ്ങൾ ബ്രിട്ടനുൾപ്പെടെയുള്ള സാമ്രാജ്യത്വ രാഷ്ട്രങ്ങൾ ഇറാക്ക്, ലിബിയ, സിറിയ, തുടങ്ങിയ രാഷ്ട്രങ്ങളിൽ നടത്തിയ അതിക്രമങ്ങൾക്ക് സമാനമാണെന്ന കോർബിന്റെ വാദം ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നതായിരുന്നു.

ലേബർ പാർടിക്കുള്ളിൽ വലിയ എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് ജെർമി കോർബിൻ നേതാവായി തെരഞ്ഞെടുക്കപ്പെട്ടത്. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ടോണി ബ്ലെയറുടെ നേതൃത്വത്തിലാണ് കോർബിനെ എതിർത്തിരുന്നത്. ബ്രിട്ടനിൽ വലതുപക്ഷനയങ്ങൾ രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് ആരംഭിച്ച പ്രധാനമന്ത്രിയായിരുന്നു ടോണി ബ്ലയർ. 'ന്യൂലേബർ' എന്ന പേരിൽ സാമ്രാജ്യത്ത നവ ഉദാരവൽകരണ നയങ്ങൾ അദ്ദേഹം നടപ്പാക്കി. അമേരിക്കയോടൊപ്പം ഇറാക്ക് യുദ്ധത്തിൽ പങ്കാളിയായി. ബ്ലെയർ ഭരിക്കുന്ന കാലത്ത് കൺസർവേറ്റീവ് പാർട്ടിയുടെയും, ലേബർപാർടിയുടെയും നയങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നില്ല. 'ന്യൂലേബർ' പക്ഷത്ത് ചേരാൻ കോർബിൻ സന്നദ്ധനായില്ല. നവ ഉദാരവൽകരണ നയങ്ങളോട് എതിർപ്പ് പ്രകടിപ്പിച്ച തത്വാധിഷ്ടിത നിലപാടുകാരനായ കോർബിന് ജനങ്ങൾക്കിടയിൽ നല്ല പിൻതുണ നേടാനായി. ലേബർ പാർടിയുടെ അംഗസംഖ്യ 80 ലക്ഷമായി ഉയർന്നു.

ബ്രിട്ടനിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന് പ്രസക്തിയില്ലെന്ന വാദം പൊളിഞ്ഞു. 1970 ലെ നയങ്ങൾ മുന്നോട്ടുവെക്കുന്ന കോർബിൻ ഇന്നത്തെ കാലത്തിന് അനുയോജ്യനായ ആളല്ലെന്നായിരുന്നു ഒരു കൂട്ടർ വാദിച്ചിരുന്നത്. ഈ വാദം തെറ്റാണെന്ന് തെളിഞ്ഞു. ചെറുപ്പക്കാർ അരാഷ്ട്രീയ വാദികളാണെന്നും, രാഷ്ട്രീയത്തിൽ ഒട്ടും താൽപര്യമില്ലാത്തവരാണെന്നുമുള്ള ധാരണയും പൊളിഞ്ഞു. ചെറുപ്പക്കാരാണ് ജെർമി കോർബിന്റെ ഇടതുപക്ഷ നയങ്ങളെ ഏറ്റവും കൂടുതൽ പിന്തുണച്ചത്.

ഏതാനും പേർക്ക് വേണ്ടിയല്ല; എല്ലാവർക്കും വേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്നായിരുന്നു ലേബർ പാർടിയുടെ തെരഞ്ഞെടുപ്പ് മുദ്രാവാക്യം. ലേബർപാർടിയുടെ പ്രകടന പത്രിക നവ ഉദാരവൽകരണ നയങ്ങൾക്ക് ബദൽ നയങ്ങളാണ് ഉയർത്തിപ്പിടിച്ചത്. ഉദാരവൽകരണ നയങ്ങൾ ആരംഭിച്ച കാലത്ത് സ്വകാര്യവൽകരിച്ച ഊർജ്ജം, റെയിൽവേ, ബസ്, പോസ്റ്റൽ എന്നീ മേഖലകൾ പൊതുമേഖലയിൽ തിരിച്ച് കൊണ്ടുവരുമെന്ന് ലേബർപാർടി പ്രഖ്യാപിച്ചു. ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന എല്ലാ മേഖലയും സർക്കർ നിയന്ത്രണത്തിലാക്കുമെന്നായിരുന്നു മറ്റൊരു പ്രഖ്യാപനം.

സർവ്വകലാശാലകളിലെ ട്യൂഷൻ ഫീസ് ഒഴിവാക്കും, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കും, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വെട്ടികുറച്ചത് പുന:സ്ഥാപിക്കും, 1970 കളിലെ പോലെ പ്രധാന വ്യവസായങ്ങളെല്ലാം പൊതുമേഖലയിൽ കൊണ്ടുവരും എന്നും തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞു.

ലേബർ പാർടിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോവിലെ മറ്റ് പ്രധാന പ്രഖ്യാപനങ്ങൾ ഇനി പറയുന്നവയാണ്:- 80,000 പൗണ്ടിന് (1 പൗണ്ട്= 100 രൂപ) മുകളിൽ വാർഷിക വരുമാനം നേടുന്ന 1.2 ദശലക്ഷം പേർക്ക് നികുതി വർദ്ധിപ്പിക്കും; 1,23000 പൗണ്ട് വരുമാനമുള്ളവർക്ക് 50 ശതമാനം നികുതി ചുമത്തും; കോർപറേറ്റ് ടാക്സ് 26 ശതമാനം വർദ്ധിപ്പിക്കും; കുടിയേറ്റക്കാരെ തടയില്ല; റെയിൽവേ യാത്രാനിരക്ക് വർദ്ധിപ്പിക്കില്ല; എല്ലാ യാത്രക്കാർക്കും സൗജന്യ വൈഫൈ; ദേശീയ ആരോഗ്യപദ്ധതിക്ക് 30 ബില്ല്യൺ (1 ബില്ല്യൺ= 100 കോടി) പൗണ്ട് വർദ്ധിപ്പിക്കും; ഈ വർദ്ധിപ്പിക്കുന്ന തുക ജനങ്ങളിൽ ഏറ്റവും സമ്പന്നരായ മുകൾ തട്ടിലെ 5 ശതമാനത്തിന് നികുതി ചുമത്തി നേടും; സ്വകാര്യ ഇൻഷുറൻസ് സ്ഥാപനങ്ങൾക്കും നികുതി വർദ്ധിപ്പിക്കും; സർക്കാരിൽ പ്രത്യേക തൊഴിൽ വകുപ്പ് രൂപീകരികും; തൊഴിലവകാശം സംരക്ഷിക്കും; നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് പകരം എല്ലാ മേഖലകളിലും ട്രേഡ്‌യൂണിയനുകൾക്ക് കൂട്ടായ വിലപേശലിന് അവസരം സൃഷ്ടിക്കും; പണം നൽകാത്ത തൊഴിൽ പരിശീലനം അവസാനിപ്പിക്കും; ജീവിക്കാൻ ആവശ്യമായ വേതനം എന്ന തത്വത്തെ (ലിവിംഗ് വേജസ്) അടിസ്ഥാനമാക്കി മിനിമം വേതനം നിർണയിക്കും; 2020 ഓടെ മിനിമം കൂലി ഒരു മണിക്കൂറിന് ചരുങ്ങിയത് 10 പൗണ്ട് എന്ന് നടപ്പിൽ വരുത്തും; എല്ലാ വിഭാഗം തൊഴിലാളികൾക്കും ട്രേഡ് യൂണിയനിൽ അംഗങ്ങളാവാൻ അവകാശം നൽകും; സ്ത്രീ തൊഴിലാളികൾക്ക് സംരക്ഷണം നൽകും; കമ്പനികളിലെ  എക്സിക്യൂട്ടീവുമാരുടെ ശമ്പളം നിശ്ചയിക്കുമ്പോൾ ആ സ്ഥാപനത്തിലെ കുറഞ്ഞ വേതനവും തമ്മിൽ 20:1 എന്ന അനുപാതത്തിൽ നിർത്തും; ശമ്പളത്തിലെ അസന്തുലിതാവസ്ഥ കുറച്ചുകൊണ്ടുവരും; ഉയർന്ന ശമ്പളക്കാർക്ക് ലെവി ചുമത്തും; മരവിപ്പിച്ചിരുന്ന ആനുകൂല്യങ്ങൾ തിരിച്ച് നൽകും; തുടങ്ങിയവയായിരുന്നു. “എല്ലാവർക്കും സാമ്പത്തികാഭിവൃദ്ധി- കുറച്ച് പേർക്കല്ല”- ലേബർ പാർടി പ്രഖ്യാപിച്ചു. വോട്ടിംഗ് പ്രായം 16 വയസാക്കുമെന്നും ലേബർ പാർടി വാഗ്ദാനം ചെയ്തു.

“ഞങ്ങൾ, ഞങ്ങളുടെ സാമ്പത്തിക നയത്തിന്റെ വിജയത്തെ അളക്കുന്നത് കോടീശ്വരന്മാരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയല്ല മറിച്ച്, എല്ലാ ജനങ്ങൾക്കും നല്ല ജീവിതം നയിക്കാൻ കഴിയുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്” എന്ന ലേബർ പാർടിയുടെ പ്രഖ്യാപനം ബ്രിട്ടീഷ് ജനത ആവേശത്തോടെയാണ് സ്വീകരിച്ചത്. സമ്പത്തുൽപാദനം- തൊഴിലാളികൾ, സംരംഭകർ, നിക്ഷേപകർ, സർക്കാർ- എന്നിവരെല്ലാം ചേർന്ന് നടത്തുന്ന പരിശ്രമങ്ങളിലൂടെയാണ് നടക്കുന്നതെന്നും എല്ലാ പങ്കാളികൾക്കും ന്യായ വിഹിതത്തിന് അവകാശമുണ്ടെന്നുമുള്ള ലേബർ പാർടിയുടെ പ്രഖ്യാപനം, തൊഴിലാളി വർഗത്തെ ആവേശഭരിതരാക്കി. സമ്പദ് വ്യവസ്ഥ കുറച്ച് പേർക്ക് വേണ്ടിയല്ല; എല്ലാവർക്കും വേണ്ടി നിലകൊള്ളണം. ബ്രിട്ടനിലെ- തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും ഇന്ന് നേടുന്ന വരുമാനം, 10 വർഷം മുമ്പ് നേടിയിരുന്നതിനെക്കാൾ കുറഞ്ഞതാണെന്ന് ലേബർ പാർടി തുറന്ന് പറഞ്ഞു. വലിയൊരു വിഭാഗം തൊഴിലാളികൾ സുരക്ഷിതമല്ലാത്തതും കുറഞ്ഞ വരുമാനം ലഭിക്കുന്നതുമായ തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. വലിയൊരു വിഭാഗം ജനങ്ങൾ ആശങ്കപ്പെടുന്നത് തങ്ങൾക്ക് ഇന്ന് ലഭിക്കുന്ന അവസരം പോലും തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കാനിടയില്ലെന്നാണ്. ആഗോളവൽക്കരണ നയങ്ങൾ ബ്രിട്ടീഷ് ജനതയെ എവിടെ എത്തിച്ചു എന്ന് ലേബർ പാർടിയുടെ പ്രഖ്യാപനങ്ങളിൽ വായിക്കാം. “ഇന്നത്തെ അവസ്ഥയെ മാറ്റിമറിക്കും” എന്ന് ലേബർ പാർടി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. തങ്ങൾ സമ്പദ്ഘടനയെ അഭിവൃ

ദ്ധിപ്പെടുത്തുമെന്നും ലിംഗപരമായ വിവേചനത്തിനറുതി വരുമെന്നും കുറച്ച് പേർക്കായി സമ്പത്ത് വിനിയോഗിക്കുന്നതിന് പകരം പൊതുജനങ്ങളുടെ ക്ഷേമത്തിനായി ധനം വിനിയോഗിക്കുമെന്നും ലേബർ പാർടിയുടെ പ്രഖ്യാപനത്തിൽ പറയുന്നു.

തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ 20 ഇന പരിപാടികളാണ് ലേബർ പാർടി പ്രഖ്യാപിച്ചത്. ഫുൾടൈം, പാർട് ടൈം, ടെമ്പററി, പെർമനന്റ് എന്ന വ്യത്യാസങ്ങൾ അവഗണിച്ച് എല്ലാ വിഭാഗം തൊഴിലാളികൾക്കും തുല്യഅവകാശം ഉറപ്പാക്കും; ട്രേഡ് യൂണിയനുകൾക്ക്, തൊഴിൽ സ്ഥലങ്ങളിൽ പ്രവേശിച്ച് അവരുടെ മെമ്പർമാരായ തൊഴിലാളികളുമായി ഇടപെടാൻ അവസരം നൽകും; പൊതുമേഖലാ തൊഴിലാളികളുടെ ശമ്പളം മരവിപ്പിച്ച നടപടി നീക്കം ചെയ്യും. അവരുടെ വേതനം വർധിപ്പിക്കും; കമ്പനികൾ വില്പന നടത്തുമ്പോൾ തൊഴിലാളികളുടെയും, പെൻഷൻകാരുടെയും താല്പര്യങ്ങൾ സംരക്ഷിക്കും; തുടങ്ങിയ വാഗ്ദാനങ്ങളും ലേബർ പാർടി മുന്നോട്ട് വച്ചു.

സോവിയറ്റ് തകർച്ചക്ക് ശേഷം സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ ഏറ്റവും വലിയ വക്താക്കളിൽ ഒരാളായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ആയിരുന്ന മാർഗരറ്റ് താച്ചർ. രണ്ടാം ലോക മഹായുദ്ധാനന്തരം, മുതലാളിത്ത ലോകത്ത് സൃഷ്ടിക്കപ്പെട്ട 'ക്ഷേമരാഷ്ട്രം' എന്ന സങ്കൽപവും താച്ചർ തകർത്തു. ധൃതഗതിയിലുള്ള സ്വകാര്യവൽക്കരണത്തിലൂടെ ബ്രിട്ടനിലെ തന്ത്രപ്രധാന മേഖലകളെല്ലാം കോർപറേറ്റുകൾക്ക് തീറെഴുതി.

സോവിയറ്റ് തകർച്ചക്ക് ശേഷം "അജയ്യമായ മുതലാളിത്തം" എന്ന മുദ്രാവാക്യവുമായി നടന്ന മുതലാളിത്തം 2007-08 ൽ വലിയ പ്രതിസന്ധിയിലായി. മുതലാളിത്തത്തെക്കുറിച്ച് മാർക്സ് പറഞ്ഞതായിരുന്നു ശരി എന്ന് ലോകം തിരിച്ചറിഞ്ഞു തുടങ്ങി. നവ- ഉദാരവൽക്കരണ നയങ്ങൾക്കും വിനാശകരമായ അധിനിവേശ യുദ്ധങ്ങൾക്കുമെതിരെ, ലോകമെമ്പാടും തൊഴിലാളി വർഗം ശബ്ദമുയർത്തി.

ശക്തമായ ഇടതുപക്ഷ ബദലിന്റെ അഭാവത്തിൽ ജനങ്ങളുടെ അസംതൃപ്തിയെ മുതലെടുത്തത് വലതുപക്ഷ ശക്തികളാണ്- എന്നാൽ ഇടതുപക്ഷം തകരുകയല്ല, ശക്തിപ്പെടുകയാണെന്ന് ബ്രിട്ടനിലെ അനുഭവം വിളിച്ചു പറയുന്നു- സാമ്രാജ്യത്വത്തിനും നവ- ഉദാരവൽക്കരണ നയങ്ങൾക്കും വംശീയ വർഗീയ ഭ്രാന്തിനും എതിരെ പൊരുതാൻ ഇടതുപക്ഷത്തിനെ കഴിയൂ. മുതലാളിത്ത നയങ്ങൾക്ക് ബദൽ നയങ്ങൾ ഉയർത്താൻ കെല്പുള്ള ഇടതുപക്ഷം കരുത്തോടെ നിലനിൽക്കുന്നു എന്ന് ബ്രിട്ടീഷ് ലേബർ പാർടി വിളിച്ച് പറയുന്നു.

**ദേശീയ സ്ഥിതി**

മോഡി സർക്കാർ മൂന്നു വർഷം പൂർത്തിയാക്കി. തന്റെ ഭരണകാലത്ത് ഇന്ത്യയിൽ വലിയ സാമ്പത്തിക വളർച്ച ഉണ്ടായി എന്നായിരുന്നു മോഡിയുടെ അവകാശവാദം. എന്നാൽ തെരഞ്ഞെടുപ്പു കാലത്ത് മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ നിറവേറ്റിയില്ല എന്നതാണ് യാഥാർത്ഥ്യം. വൻകിട കോർപറേറ്റുകളുടെ താൽപര്യങ്ങൾക്കനുസരിച്ചാണ് ഭരണനയം രൂപപ്പെടുത്തിയത്. നവ- ഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കുന്നതിൽ വേഗതകൂടി. പൊതുമേഖലയുടെ സ്വകാര്യവൽക്കരണം, തൊഴിൽ നിയമങ്ങൾ ദുർബലമാക്കൽ, വിലക്കയറ്റം സൃഷ്ടിക്കുന്ന നയങ്ങൾ എന്നിവയാണ് നടപ്പിലായത്.

2016 നവംബർ 8 ന് മോഡി പ്രഖ്യാപിച്ച നോട്ടു നിരോധനം സമ്പദ്ഘടനയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. 50 ദിവസങ്ങൾ കൊണ്ട് എല്ലാം ശരിയാകുമെന്ന സർക്കാരിന്റെ വാദം പൊളിഞ്ഞു. പ്രമുഖ സാമ്പത്തിക വിദഗ്ധൻമാർ, മുൻ റിസർവ് ബാങ്ക് ഗവർണർ, തുടങ്ങിയവർ നോട്ടു നിരോധനത്തെ വിമർശിച്ചിരുന്നു. സിഐടിയു ഉൾപ്പെടെയുള്ള ഇടതുപക്ഷ ട്രേഡ് യൂണിയനുകളും ഇടതുപക്ഷ രാഷ്ട്രീയ പാർടികളും കേന്ദ്ര സർക്കാർ നടപടിക്കെതിരെ രംഗത്തിറങ്ങിയിരുന്നു. നിരോധിക്കപ്പെട്ട 1000, 500 രൂപ നോട്ടുകൾ ആകെ പ്രചാരത്തിലുണ്ടായിരുന്ന പണത്തിന്റെ 86 ശതമാനമായിരുന്നു. ഇതുവരെ പകരം നോട്ടുകൾ അടിച്ചിറക്കി പൂർത്തിയായിട്ടില്ല. 2017 മാർച്ച് 31 വരെ കമ്പോളത്തിൽ ലഭ്യമായത് 13.5 ലക്ഷം കോടി രൂപയുടെ കറൻസിയാണ്. നിരോധിക്കുന്ന സമരയത്ത് പ്രചാരത്തിലുണ്ടായിരുന്നത് 17,85,000 കോടി രൂപയുടെ കറൻസിയായിരുന്നു. നോട്ടു നിരോധനം സമ്പദ്ഘടനയുടെ വളർച്ചയെ ദോഷകരമായി ബാധിച്ചു.

2016-17 ൽ ജിഡിപി വളർച്ചാ നിരക്ക്7.9 ശതമാനമായിരിക്കുമെന്നായിരുന്നു സർക്കാർ പ്രതീക്ഷ. ഒടുവിലത്തെ കണക്കനുസരിച്ച് 7.1 ശതമാനമാണ് വളർച്ച (ഇതും യാഥാർത്ഥ്യമല്ല) സമീപകാലത്തെ താഴ്ന്ന വളർച്ചാനിരക്കാണിത്. സിഎസ്ഒ (സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ) 2016 ഒക്ടോബർ- ഡിസംബർ മാസങ്ങളിലെ (മൂന്നാം പാദം) വളർച്ച 7 ശതമാനമാണ്. ഒന്നാം പാദം 7.9 ശതമാനമായിരുന്നു. 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ (നാലാം പാദം) വളർച്ച 6.1 ശതമാനം മാത്രമാണ്. മുൻവർഷത്തെ 4-ാം പാദത്തിലെ വളർച്ചാ നിരക്ക് 8.6 ശതമാനമായിരുന്നു. 2.5 ശതമാനത്തിന്റെ കുറവ്.

ശതമാന കണക്ക് കൃത്യമായ ധാരണ നൽകുകയില്ല. 2015-16 ലെ യഥാർത്ഥ ദേശീയ വരുമാനം 111.81 ലക്ഷം കോടി രൂപയാണ്. 2011-12 ലെ വിലനിലവാരം വച്ചുള്ള കണക്കാണിത്. ഇതിന്റെ 2.5 ശതമാനമെന്നാൽ 2,85,000 കോടി രൂപയാണ്. അത്രയും രൂപയുടെ സാധനങ്ങളും സേവനങ്ങളും ഉത്പാദിപ്പിക്കപെടാതെ പോയി. ജനങ്ങൾക്ക് അത്രയും സാധനങ്ങൾ, സേവനങ്ങൾ നിഷേധിക്കപ്പെട്ടു. തൊഴിൽ ദിനങ്ങൾ കുറഞ്ഞു. 2.85 ലക്ഷം കോടി രൂപയുടെ 30 ശതമാനം സമ്പാദ്യവും ഇല്ലാതായി. വാസ്തവത്തിൽ വളർച്ചാനിരക്ക് 6.1 ശതമാനത്തിലും കുറവാണ്. വരുമാനം കണക്കാക്കുന്നതിൽ അപാകതകളും അപൂർണതകളുമുണ്ട്. ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകളിൽ പിശകുണ്ടാകും.

രാജ്യത്തിന്റെ ഉത്പാദനത്തിന്റെ 60 ശതമാനം സംഘടിത മേഖലയിലാണ്. വൻകിട-ഇടത്തരം സ്ഥാപനങ്ങളാണ് സംഘടിത മേഖല. അവയുടെ വിവരം ലഭിക്കൽ എളുപ്പമാണ്. കൃഷി, നിർമാണം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് അനൗപചാരിക മേഖല. ഈ മേഖലയിൽ മുൻവർഷത്തെ കണക്കുകളെ അടിസ്ഥാനമാക്കി ഊഹക്കണക്കു തയാറാക്കലാണ്. ദേശീയ വരുമാനത്തിന്റെ 90 ശതമാനം ലഭിക്കുന്നതും അനൗപചാരിക മേഖലയിൽ നിന്നാണ്. തൊഴിൽ 90 ശതമാനവും ഈ മേഖലയിലാണ്. അനൗപചാരിക മേഖലയിൽ കൊടുക്കൽ വാങ്ങൽ കറൻസി ഉപയോഗിച്ചാണ് നടക്കുന്നത്. 85 ശതമാനം കറൻസി പിൻവലിച്ചാൽ സ്ഥിതി എന്താവും? വിൽപന ചുരുങ്ങി; ഉത്പാദനം സ്തംഭിച്ചു; തൊഴിലും വരുമാനവും ഇടിഞ്ഞു. അത് വീണ്ടും വില്പന ചുരുക്കി കൃത്യമായ സ്ഥിതി വിവരങ്ങൾ ലഭ്യമായാൽ ദേശീയ വരുമാന വളർച്ച 4 ശതമാനമോ അതിനടുത്തോ മാത്രമേ വരൂ.

വളർച്ചയുടെ പ്രധാന മേഖല സ്വകാര്യ മൂലധനമാണ്. അങ്ങനെയല്ലാതാവണമെങ്കിൽ സർക്കാർ മൂലധനം ഉയർത്തണം. സർക്കാരിന്റെ സ്വകാര്യ പ്രീണന നയം, ചെലവു ചുരുക്കൽ നയം എന്നിവ മൂലം കൂടുതൽ നിക്ഷേപം സർക്കാരിന് നടത്താനാവുന്നില്ല. നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടും സ്വകാര്യ മൂലധന നിക്ഷേപം ഇടിയുകയാണ്. ദേശീയ വരുമാനത്തിന്റെ 31 ശതമാനമായിരുന്നു 2016–17 ലെ ഒന്നാം പാദത്തിലെ നിക്ഷേപ നിരക്ക്. നാലാം പാദത്തിൽ അത് 28.5 ശതമാനമായി ചുരുങ്ങി. മൂലധന നിക്ഷേപത്തിന്റെ പ്രധാന സ്രോതസ് ബാങ്ക് വായ്പയാണ്. ബാങ്കുകളിൽ പണമുണ്ട്. പക്ഷേ വായ്പാ തോത് കുറയുന്നു. ഭീമമായ കിട്ടാക്കടം മൂലം വായ്പകൾ നൽകാൻ ബാങ്കുകൾ മടിക്കുന്നു. കോർപറേറ്റ്– സർക്കാർ ചങ്ങാത്തമാണ് കിട്ടാക്കടം കൂടാൻ കാരണം.

വിദേശ മൂലധന നിക്ഷേപം വർധിച്ചിട്ടുണ്ട്. അതൊന്നും മൊത്തം സമ്പദ് ഘടനയിൽ ഒരു ചലനവും ഉണ്ടാക്കിയിട്ടില്ല. നിക്ഷേപത്തിന്റെ വലിയ പങ്ക് ഓഹരി കമ്പോളത്തിലേക്കാണ് പോയത്. ഇന്ത്യയിൽ 62.3 ശതകോടി ഡോളർ വിദേശ മൂലധനം വന്നു എന്ന് കേന്ദ്ര മന്ത്രി വെങ്കയ്യ നായിഡു അവകാശപ്പെടുകയുണ്ടായി. ഇതിൽ എത്ര ഓഹരി കമ്പോളത്തിൽ, എത്ര ഉത്പാദന മേഖലയിൽ എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. അത് മനപൂർവമാണ്. ഓഹരി ചൂതാട്ടത്തിലൂടെ ലാഭം ലക്ഷ്യം വച്ചുള്ള ധന മൂലധനമാണ് ഇന്ത്യയിലേക്ക് വന്നതിൽ വലിയ ഭാഗം. ഇതിന്റെയെല്ലാം ഫലമായി വ്യവസായ വളർച്ചാനിരക്ക് കുറഞ്ഞു.

പ്രതിവർഷം രണ്ടു കോടി പുതിയ തൊഴിലവസരം നൽകുമെന്നായിരുന്നു ബിജെപിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനം. എന്നാൽ സൃഷ്ടിക്കപ്പെട്ട പുതിയ തൊഴിലവസരം 2015 ൽ 1.35 ലക്ഷമാണ്. 2016 ൽ അതിലും കുറഞ്ഞു. പ്രതിവർഷം 1.3 കോടി യുവതീയുവാക്കൾ പുതിയ തൊഴിലന്വേഷകരായി എത്തുന്നു. അവരെ കുറിച്ച് ചിന്തയുണ്ടായിരുന്നുവെങ്കിൽ തൊഴിലും വരുമാനവും തകർത്ത നോട്ടു നിരോധനം നടപ്പാക്കുമായിരുന്നില്ല.

ദേശീയ വരുമാന വളർച്ചയെ കുറിച്ച് ധനകാര്യ വകുപ്പു മന്ത്രി അരുൺ ജെയ്റ്റ്ലി വീണിടത്തുകിടന്നുരുളുകയാണ്. "ആഗോള സാമ്പത്തിക മാന്ദ്യമാണ് ദേശീയ വരുമാനം ഇടിയാൻ കാരണം" എന്നാണ് ധനമന്ത്രി പറഞ്ഞത്. സാമ്പത്തിക മാന്ദ്യം ഒരു യാഥാർത്ഥ്യമാണ്. അത് കയറ്റുമതിയെ ബാധിക്കും. എന്നാൽ 2014– 15 ൽ 7.18 ശതമാനവും 2015–16 ൽ 8 ശതമാനവും സാമ്പത്തിക വളർച്ച നേടി എന്ന അവകാശവാദത്തിന് എന്താണടിസ്ഥാനം? 2016– 17 ലെ കുറഞ്ഞ സാമ്പത്തിക വളർച്ചക്കു മാത്രം, ആഗോള സാമ്പത്തിക മാന്ദ്യം കാരണമാകുന്നതെങ്ങിനെ? 2016–17 സാമ്പത്തിക വർഷത്തിന്റെ 1–ാം പാദത്തിൽ 7.9 ശതമാനം വളർച്ച, നാലാം പാദത്തിൽ 6.1 ശതമാനത്തിലേക്ക് നിലം പൊത്തിയതിന് കാരണം ആഗോള പ്രതിസന്ധിയാവുന്നതെങ്ങിനെ? ആട്ടിൻകുട്ടിയോടുള്ള ചെന്നായയുടെ വാദം!

ഡിജിറ്റൽ ഇടപാടിലെ വർധന നോട്ട് നിരോധനത്തിന്റെ ഏറ്റവും വലിയ നേട്ടമെന്ന് അരുൺ ജെയ്റ്റ്ലി പറയുന്നു. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. പാർലമെന്റിന്റെ ധനകാര്യ കമ്മിറ്റി മുമ്പാകെ തെളിവ് നൽകിയ ഇന്ത്യൻ ബേങ്കേഴ്സ് അസോസിയേഷൻ വ്യക്തമാക്കിയത് – ഡിജിറ്റൽ ഇടപാട് ഏറ്റവും മന്ദഗതിയിലെത്തി എന്നാണ്. ഈ സത്യം ജെയ്റ്റ്ലിക്കറിയാത്തതല്ല. കാര്യങ്ങൾ വളച്ചൊടിക്കുകയാണ്. നോട്ട് നിരോധനം ഒരു ദുരന്ത നാടകമായി മാറി. ഡോ. മൻമോഹൻ സിംഗ് പറഞ്ഞത് പോലെ "മണ്ടൻ തീരുമാനം".

രാജ്യത്തിന്റെ പല ഭാഗത്തും കർഷക സമരം ആളിപ്പടരുകയാണ്. ഉത്പന്നങ്ങളുടെ വിലയിടിവു മൂലം കാർഷിക മേഖല വലിയ തകർച്ചയിലാണ്. കൃഷി ചെലവിന്റെ 50 ശതമാനവും കൂട്ടിചേർത്ത് ഉത്പന്നങ്ങൾക്ക് തറവില നിശ്ചയിക്കണമെന്ന് ഡോ: സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നായിരുന്നു ബിജെപിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനം. ഭരണത്തിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും ഈ വാഗ്ദാനം നിറവേറ്റിയില്ല. ഉത്പന്ന വിലയിടിവു മൂലം തകർന്ന കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്യുകയാണ്. ഈ സാഹചര്യത്തിലാണ് രോഷാകുലരായ കർഷകർ മോഡി സർക്കാർ നയങ്ങൾക്കെതിരെ സമരത്തിനിറങ്ങിയത്.

മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ മറപിടിച്ച് കാർഷികാവശ്യത്തിനല്ലാതെയുള്ള കന്നുകാലികളുടെ വില്പന നിരോധിച്ച കേന്ദ്ര സർക്കാർ നടപടി വ്യാപകമായ പ്രതിഷേധത്തിനിടയാക്കി. ഗോവധം നിരോധിക്കണമെന്ന് ആർഎസ്എസ് തലവന്റെ പ്രസ്താവന വന്നതിനു പിന്നാലെയാണ് സർക്കാർ നടപടി. ജനങ്ങളുടെ ഭക്ഷണ സ്വാതന്ത്ര്യത്തെ ഹനിക്കുകയാണ് സർക്കാർ. മുസ്ലീം സമുദായത്തെയും ദളിത് വിഭാഗത്തെയും ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. ഗ്രാമീണ കാർഷിക സമ്പദ്ഘടനയെ ഇത് താറുമാറാക്കും. മാംസ വ്യാപാരത്തിലും തുകൽ വ്യവസായത്തിലും ഏർപ്പെട്ട ലക്ഷക്കണക്കിന് തൊഴിലാളികളെ തെരുവാധാരമാക്കും. 'ഗോസംരക്ഷകർ' എന്ന പേരിൽ ആർഎസ്എസ് റൗഡികൾ പല പ്രദേശങ്ങളിലും അക്രമങ്ങൾ അഴിച്ചുവിടുന്നു. വർഗീയ ധ്രുവീകരണമാണ് ബിജെപിയുടെ ഒരു ലക്ഷ്യം. മാസം കയറ്റുമതി ചെയ്യുന്ന മേഖലയിലും കൃഷിയിലും കോർപറേറ്റുകൾക്ക് സ്വാധീനമുറപ്പിക്കലാണ് മറ്റൊരു ഉന്നം.

**കേരളം**

എൽഡിഎഫ് സർക്കാർ ഒരു വർഷം പൂർത്തിയാക്കി. സർക്കാരിനെ കുറിച്ച് ജനങ്ങളിൽ പൊതുവിൽ മതിപ്പുളവായിട്ടുണ്ട്. തെരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ പറഞ്ഞ 35 ഇന പരിപാടികളിൽ നടപ്പാക്കിയതും ബാക്കിയുള്ളതും ചേർത്ത് സർക്കാർ ഒരു പ്രോഗ്രസ് റിപ്പോർട്ട് ഇറക്കുകയുണ്ടായി. സർക്കാർ നടപ്പാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ നടപടികളെ തുടർന്ന് ഈ വർഷം 1-ാം ക്ലാസിൽ 12,000 കുട്ടികൾ വർധിച്ചു. 2 മുതൽ 9 വരെ ക്ലാസുകളിൽ 1,45,208 കുട്ടികൾ വർധിച്ചു. വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പരിപാടി പ്രഖ്യാപിച്ചു. 900 കോടി രൂപ ഇതിനായി നീക്കിവച്ചു. നവ കേരള മിഷന്റെ ഭാഗമായി 4 മിഷനുകളുടെ പ്രവർത്തനം ആരംഭിച്ചു. പൊതുമേഖലയും പരമ്പരാഗത വ്യവസായങ്ങളും പുനരുദ്ധരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതെല്ലാം ജനങ്ങളിൽ നല്ല അഭിപ്രായം സൃഷ്ടിച്ചു.

മലപ്പുറം ഉപതെരഞ്ഞുടുപ്പിൽ 2014 ലെ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് എൽഡിഎഫിന് ഒരുലക്ഷം വോട്ടുകൾ വർധിച്ചു. ബിജെപിക്ക് വർധനവുണ്ടായില്ല. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 6 ഘട്ടങ്ങളിലായി നടന്ന തദ്ദേശ സ്ഥാപന ഉപതെരഞ്ഞെടുപ്പുകളിൽ 6 ലും എൽഡിഎഫ് മുൻതൂക്കം നേടി. യുഡിഎഫ് തകർന്നുകൊണ്ടിരിക്കുകയാണ്. കേരളാ കോൺഗ്രസ് (എം) യുഡിഎഫ് വിട്ടു. ഇത് യുഡിഎഫിനെ കൂടുതൽ ദുർബലമാക്കി.

കേന്ദ്ര സർക്കാരിന്റെ കന്നുകാലി കശാപ്പു നിരോധനത്തിനെതിരെ എൽഡിഎഫ് സർക്കാരിന്റെ നിലപാട് ദേശീയ തലത്തിൽ മതിപ്പുളവാക്കി. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന കേന്ദ്ര നയത്തെ എതിർക്കാൻ രാജ്യത്തെ എല്ലാ മുഖ്യമന്ത്രിമാരോടും കേരളാ മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. എന്നാൽ കോൺഗ്രസിന്റെ ദേശീയ നേതൃത്വം ഈ കാര്യത്തിൽ മൗനം പാലിക്കുകയാണ് ചെയ്തത്. കേരളത്തിൽ ഒരു വർഷം 6,552 കോടി രൂപയുടെ മാട്ടി റച്ചി വിൽപന നടക്കുന്നുണ്ട്. 2,52,000 ടൺ മാട്ടിറച്ചിയാണ് ഒരു വർഷം സംസ്ഥാനത്ത് വിൽപന നടക്കുന്നത്. 15 ലക്ഷം കന്നുകാലികളെയാണ് ഒരു വർഷം സംസ്ഥാനത്തേക്ക് കൊണ്ടു വരു ന്നത്. മാംസ വ്യാപാരത്തിലും തുകൽ വ്യവസായത്തിലും ഏർപ്പെടുന്ന 5 ലക്ഷം തൊഴിലാളി കൾ സംസ്ഥാനത്തുണ്ട്. ഇവരുടെ ജീവിതത്തെ അനിശ്ചിതത്വത്തിലാക്കുന്നതാണ് കേന്ദ്ര സർക്കാർ നടപടി. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഫാമുകൾ ആരംഭിക്കാ നുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്നുണ്ട്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മദ്യ നയം പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ടു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 113 ബാറുകൾക്കാണ് ലൈസൻസ് ലഭിക്കുക. 5 സ്റ്റാർ ഹോട്ടലുകളിൽ നേരത്തെ ബാർ നിരോധിച്ചിരുന്നില്ല. യുഡിഎഫ് ഭരണകാലത്ത് 1175 വിദേ ശമദ്യ ശാലകളാണ് പ്രവർത്തിച്ചിരുന്നത്. കള്ളു ചെത്ത് വ്യവസായം സംരക്ഷിക്കാൻ ടോഡി ബോർഡ് രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. മദ്യ നയത്തെ സിഐ ടിയു സ്വാഗതം ചെയ്തു. ഐഎൻടിയുസിയും മദ്യ നയത്തെ സ്വാഗതം ചെയ്തു. മദ്യ നയത്തിന്റെ കാര്യത്തിൽ യുഡിഎഫിന് ഏകോപിച്ച നിലപാടെടുക്കാൻ സാധിച്ചില്ല.

സംസ്ഥാനത്ത് ആർഎസ്എസ് അക്രമം വ്യാപിക്കുകയാണ്. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം 12 പേരെയാണ് ആർഎസ്എസുകാർ കൊല ചെയ്തത്. അമി ത്ഷായുടെ കേരള സന്ദർശനത്തിനു ശേഷം ആർഎസ്എസ് അതിക്രമങ്ങൾക്ക് ശക്തികൂടി യിട്ടുണ്ട്. ഡൽഹിയിൽ എകെജി ഭവനിൽ കയറി സിപിഐ(എം) ജനറൽ സെക്രട്ടറി സ: സീതാറാം യെച്ചൂരിയെ കയ്യേറ്റം ചെയ്യാൻ ആർഎസ്എസ് റൗഡികൾ മുതിർന്നു. ഇതിനെ തിരെ രാജ്യമാകെ പ്രതിഷേധമുയർന്നു. ഇതിനിടെ സിപിഐ(എം) കോഴിക്കോട് ജില്ലാ കമ്മിറ്റി ഓഫീസിനു നേരെ ബോംബാക്രമണമുണ്ടായി. ജില്ലാ സെക്രട്ടറിയെ വകവരുത്താനുള്ള ആർ എസ്എസ് ഗൂഢാലോചനയുടെ ഭാഗമായിരുന്നു പ്രസ്തുത ആക്രമണം. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ആർഎസ്എസ് അക്രമങ്ങൾ നടത്തുകയും സിപിഐ(എം) അക്രമമെന്ന് വിളിച്ചുകൂവുകയും ചെയ്യുകയാണ്. ഇതിനെതിരെ ജാഗ്രത പുലർത്തണം.

മത ന്യൂനപക്ഷങ്ങൾക്കു നേരെ അക്രമം അഴിച്ചുവിട്ട് അവരെ ഭയപ്പെടുത്തി കീഴ്പ്പെടു ത്തുക എന്ന തന്ത്രമാണ് ആർഎസ്എസ് പയറ്റുന്നത്. ഇടതുപക്ഷത്തിന്റെ കരുത്തുകാരണം കേരളത്തിൽ അതു നടക്കുന്നില്ല. സംഘപരിവാറിന്റെ വർഗീയതക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷത്തെ വിശേഷിച്ച് സിപിഐ(എം) നെ പ്രധാന ശത്രുവായി കണ്ട് ആക്രമിക്കാനാണ് അവർ ശ്രമിക്കുന്നത്. വർഗീയ ചേരി തിരിവ് സൃഷ്ടിച്ച് വർധിച്ചു വരുന്ന ജനകീയ സമരങ്ങളെ ദുർബലമാക്കലാണ് അവരുടെ ലക്ഷ്യം. ഇതിനെതിരെ തൊഴിലാളി വർഗം ജാഗ്രത പുലർത്തണം.

****************************